# വചനവിചിന്തനം. സെപ്തംബർ 13 ഞായർ, 2009
# വിതക്കാരന്റെ ഉപമ

വിത്തെറിയുന്ന കർഷകനും വിള കൊയ്യുന്നവരും ഗോതമ്പു പാടങ്ങളുമൊക്കെ ദൈനംദിന ജീവിതത്തിന്റെ ശ്വാസഗതികൾ പോലെ തുടിപ്പുകളായി സൂക്ഷിച്ചിരുന്ന ഒരുനാട്ടുകാരോട് ഒരു നാട്ടുവർത്തമാനം – വിതക്കാരന്റെ ഉപമ.

വയലുകളിൽ വിയർപ്പുതൂകി, മനസ്സിൽ സ്വപ്നം നിറച്ച് മണ്ണിനെ സഖിയാക്കി വരിച്ചവരോട് അവരുടെ ജീവിതത്തിന്റ കാറ്റഗറികളിലൂടെ വചനം വിതച്ച് വിളവെടുക്കുന്ന തന്റെ സ്വപ്നം പങ്കുവയ്ക്കുന്ന ക്രിസ്തു.

പാലസ്തീനായിലെ ഗോതമ്പുപാടങ്ങൾ വിത്തെറിയുന്ന മണ്ണിന്റെ പ്രത്യേകതകൾ കൊണ്ട് ശ്രദ്ധിക്കപ്പെടുന്നവയാണ്. പ്രധാനമായും നാലു സവിശേഷതകളിലൂടെ.

വഴി:– ഉപമ വിവരിക്കുന്നതുപോലെ വഴിയും, വഴിയരികിൽ വീണ വിത്തും: കൊയ്ത്തൊഴിഞ്ഞ പാടങ്ങളിലെ നടപ്പാതകൾ. നടന്നു തറഞ്ഞ മണ്ണ്. വിത്തെറിയാൻ പിന്നീട് നിലമൊരുക്കുന്ന കർഷകന് ഈ മണ്ണിളക്കുന്നത് ഏറെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അങ്ങനെയുള്ള ഭാഗം വഴിയായി അവശേഷിപ്പിച്ച് മറ്റുഭാഗങ്ങളിൽ മണ്ണിളക്കി വിത്തെറിയും. എറിയുമ്പോൾ കുറെ ഈ വഴിയിലെ തറഞ്ഞ മണ്ണിൽ. അതു വേരിറങ്ങാതെ ഉണങ്ങി നഷ്ടപ്പെടുന്നത് കർഷകന്റെ സ്വപ്നങ്ങൾ കരിയുന്നതുപോലെ.

മുൾച്ചെടികൾ:– വയൽ ഒരുക്കുമ്പോൾ കളകളും മുൾച്ചെടികളും മണ്ണിനൊപ്പം ഉഴുതുമറിക്കുന്നു. അവ മണ്ണോടു ചേർക്കുകയാണ്. പക്ഷേ ചില മുൾച്ചെടികളുടെ വിത്തുകൾ ആദ്യം വളർന്ന് പിന്നീടു വളരുന്ന ഗോതമ്പു ചെടികളെ നശിപ്പിക്കുന്നത് കർഷകന്റെ ഹൃദയം പിളർക്കുന്ന കാഴ്ചയാണ്.

പാറ:– ഉപരിതലത്തിൽ നിന്നും അധികം ആഴത്തിലല്ലാതെ രൂപപ്പെടുന്ന ചുണ്ണാമ്പു മിശ്രിതങ്ങളാണ്. മുകളിലെ മണ്ണുകൊണ്ട് ഇതു മറയ്ക്കപ്പെടുന്നു. മേൽമണ്ണിലേയ്ക്ക് എറിയപ്പെടുന്ന വിത്ത് വേരോടി താഴേയ്ക്ക് ചെല്ലുമ്പോൾ ഈ പാറമേൽ തട്ടി പിന്നെ വേരിറങ്ങാതെ കരിഞ്ഞു പോകുന്നത്.

നല്ല നിലം:– ഉഴുതു മറിച്ച മണ്ണ് ജലവും വളവും ശേഖരിച്ച് വിത്തിനെ മുളപ്പിച്ച് കർഷകന്റെ അറ നിറയ്ക്കുന്നു.

ഈ കാർഷിക സാഹചര്യങ്ങളെ ആത്മീയ തലത്തിലേയ്ക്ക് ഈശോ മൊഴിമാറ്റം നടത്തുകയാണ്. ദൈവമാണ് കർഷകൻ, വചനമാണ് വിത്ത്, പിന്നെ വിത്തെറിയപ്പെടുന്നഹൃദയവയലുകളും! ദൈവം വചനം വിതയ്ക്കുമ്പോൾ മനുഷ്യഹൃദയങ്ങളുടെ പ്രത്യേകസാഹചര്യങ്ങളാണ് അതു നഷ്ടപ്പെടുത്തുകയോ ഫലം നല്കുകയോ ചെയ്യുന്നത് എന്ന പരിഭാഷയുടെ കുറിപ്പോടെ പുനർവായന നടത്തണം.

വഴി അഥവാ നടന്നു തറഞ്ഞ മണ്ണ്, ജീവിതത്തിൽ വേരോടിയ ശീലങ്ങളാണ്. ചെയ്യുന്ന തെറ്റിനു കുറ്റബോധം ഉണ്ടാകുന്നത് മനസ്സിന്റെ നിർമ്മലമായ എതിർപ്പാണ്. അത് അവഗണിക്കുന്നവൻ സ്വന്തം നൈർമ്മല്യത്തിനു ചിതയൊരുക്കുകയാണ്. അത് ഒരാളെ ക്രമേണ താൻ ചെയ്യുന്ന തെറ്റുകളുമായി ചങ്ങാത്തത്തിലാക്കും. ആവർത്തനങ്ങൾ അവനു സന്തോഷമാകും. നടന്നു തറഞ്ഞ ഈ മണ്ണിലേയ്ക്ക് വചനത്തിന്റെ വിത്തു വീണാൽ വേരിറങ്ങില്ല. കാരണം മനസ്സാക്ഷി എന്ന ക്രിസ്ത്വാംശം നഷ്ടപ്പെട്ടു വരണ്ടു കീറിയ നിലങ്ങളാണ് അത്.

ശരീരമാകുന്ന ദേവാലയത്തിലെ ക്രിസ്തുസാന്നിദ്ധ്യം നശിപ്പിക്കുമെന്ന് പൗലോസ് പറയുന്ന, അശുദ്ധിയുടെ വിലപേശലുകൾ തുടങ്ങി മനുഷ്യനെ കൊല്ലുന്നത് വിശുദ്ധ യുദ്ധമാണെന്ന് പറയുന്ന തീവ്രവാദം വരെ എത്രയോ സങ്കീർണ്ണതലങ്ങളാണ് കുറ്റബോധമില്ലാത്ത തെറ്റുകളുടെ വേഷപകർച്ചകൾക്ക്.

വൈകാരിക സമ്മർദ്ദങ്ങളും അമിത വ്യഗ്രതകളുമൊക്കെ മുൾച്ചെടികളാണ്. വിരുന്നുമേശയിൽനിന്നു നിന്നെ അകറ്റുന്ന വയലുകളും, കാളകളും കച്ചവടങ്ങളുമൊക്കെ അമിതവ്യഗ്രതകൾ. വിവാഹം കഴിഞ്ഞതേയുള്ളു എന്നെ ഒഴിവാക്കണം എന്നു പറയുന്ന വൈകാരിക സമ്മർദ്ദങ്ങൾ- വചനം കേൾക്കുന്നെങ്കിലും ഫലം ചൂടാൻ വരെ എത്തിക്കാത്ത മുൾച്ചെടികളാണ്. ഈ സമരത്തിൽ അതിജീവനത്തിന്റെ സാദ്ധ്യതയാണ് വചനം വളരാനുള്ള നിലമൊരുക്കൽ.

വേരിറങ്ങിയാലും വളർച്ച തടസ്സപ്പെടുത്തുന്ന പാറകൾ ജീവിതത്തിലെ തകർച്ചകളും വിശ്വാസ ജീവിതത്തിലെ വെല്ലുവിളികളും തന്നെ. കൊടുങ്കാറ്റുകൾ അപ്രതീക്ഷിതവും സാധാരണവുമാണ്. അനുവാദമില്ലാതെ കടന്നുവരുന്നു എന്ന മര്യാദകേടുമുണ്ട്. അത് ഒരുപക്ഷേ ജീവിതത്തോണിയെ മുക്കിക്കളയുന്ന ദുരിതക്കയങ്ങൾക്കു മീതെ നീ യാത്ര ചെയ്യുമ്പോഴാകാം. അല്ലെങ്കിൽ ഒരു വീടിനെ മുഴുവൻ ഉലച്ച് മണ്ണിലുറപ്പിക്കപ്പെട്ട അസ്ഥിവാരം വരെ നശിപ്പിക്കുന്നതാകാം. രോഗങ്ങളും, സാമ്പത്തിക പരാജയങ്ങളും, തെറ്റിദ്ധാരണകളും, ബന്ധങ്ങളുടെ തകർച്ചകളും...... വചനജീവിതം ഈ പാറയിൽ തട്ടുമ്പോൾ കരിഞ്ഞുണങ്ങിപ്പോകുന്നതാണ് ദൈവമായ കർഷകന്റെ വലിയ നൊമ്പരങ്ങളിലൊന്ന്. സഹനത്തിന്റെ കളരിയിൽ നിന്റെ ഗുരു, കുരിശുവരിക്കുന്ന കർത്താവാകാതെ ഒരാൾക്കും ഈ കൊടുങ്കാറ്റിനെ അഭിമുഖീകരിക്കാനാവില്ല.

ഉത്തരേന്ത്യയിൽ വധിക്കപ്പെട്ട ഗ്രഹാം സ്റ്റെയിൻ എന്ന മിഷനറിയുടെ വിധവ ഗ്ലാഡിസ്സ് ഇപ്രകാരം ഒരു പ്രഘോഷണം നടത്തി. നിന്റെ ഭർത്താവിനേയും രണ്ടുമക്കളേയും പച്ചയ്ക്കു കത്തിച്ചവർക്ക് എന്തു ശിക്ഷ ലഭിക്കണമെന്നതാണ് നിങ്ങളുടെ ആഗ്രഹം എന്നു ചോദിച്ച മാധ്യമപ്രവർത്തകനോട് അവരു പറഞ്ഞു:- ആ ഘാതകരോട് ഞാൻ ക്ഷമിക്കുന്നു. വളരെ ആത്മാർത്ഥമായി ഞാൻ ക്ഷമിക്കുന്നു.

വിശ്വാസത്തിൽ വേരോടുന്ന ജീവിതങ്ങളാണ് നല്ല നിലം. സഹനങ്ങളിൽ പതറാതെ, ശീലങ്ങൾക്ക് അടിമപ്പെടാതെ ഹൃദയം തുറന്ന് വചനം സ്വീകരിച്ച് ജീവിക്കുന്നവർ. ഫലം ചൂടുന്ന തരത്തിൽ നിലമൊരുക്കുകയാണ് നമ്മുടെ നിയോഗം. ഏതു തലത്തിലാണ് മാറ്റങ്ങൾ വേണ്ടത് എന്നത് വ്യക്തിപരമായ ആത്മശോധനയുടെ വിഷയമാണ്.

**ഫാ. അലക്സ് വേലച്ചേരി.**